പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2021 26.03.2013-ൽ മറുപടിയ്ക്ക്

# സംസ്ഥാനത്തിന്റെ വൈദ്യുതി വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ അൺഅലോക്കേറ്റഡ് പൂളിൽ നിന്ന് കേരളത്തിന് അനുവദിച്ച വൈദ്യുതി വിഹിതത്തിൽ ഈ സാമ്പത്തിക വർഷം കുറവുണ്ടായിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ആയത് ഏത് സംസ്ഥാനത്തിനാണ് നൽകിയതെന്നറിയാമോ ; വിശദാംശം നൽകുമോ ; | (എ) & (ബി) ഉണ്ട്.<br>ജവഹർലാൽ നെഹ്റു സോളാർ മിഷൻ ഫേസ് 1 ൽ സ്ഥാപിക്കപ്പെട്ട സൌരോർജ്ജ പ്ലാന്റുകളിൽ നിന്നുള്ള വൈദ്യുതിയുമായി Bundle ചെയ്യുന്നതിന് ആന്ധ്രാപ്രദേശിന് 15 MW ഉം ഇതേ ആവശ്യത്തിന് തമിഴ്നാടിന് 5 MW ഉം അധികമായി എൻ.റ്റി.പി.സി.യുടെ കൽക്കരി നിലയങ്ങളിൽ നിന്നും അനുവദിച്ചതിനെ തുടർന്ന് 16.06.2012 മുതൽ കേരളത്തിന്റെ കേന്ദ്ര വിഹിതത്തിൽ 0.95 MW ന്റെ കുറവ് ഉണ്ടായി. ജജ്ജാറിൽ നിന്നും അനുവദിച്ചിരുന്ന 231.17 MW വൈദ്യുതി 01.07.2012 മുതൽ 100 MW ആയി കുറച്ചിട്ടുണ്ട്. കർണ്ണാടകത്തിലെ സൗരോർജ്ജ പ്ലാന്റുകൾക്ക് 5 MW അനുവദിച്ചതും കേരളത്തിന്റെ കേന്ദ്ര വിഹിതത്തിൽ 13.07.2012 മുതൽ 0.69 MW കുറയാനിടയാക്കി. 30.07.2012 മുതൽ കിഴക്കൻ മേഖലയിൽ നിന്നുള്ള കേരളത്തിന്റെ കേന്ദ്ര വിഹിതമായ 135.17 MW, 35.17 MW ആക്കി കുറച്ചു. 100 MW ആന്ധ്രാപ്രദേശിന് നൽകി. സിംഹാദ്രി സ്റ്റേജ് 2-വിൽ നിന്നുള്ള കേന്ദ്ര വിഹിതം പുനഃക്രമീകരിച്ചതിന്റെ ഫലമായി 25.10.2012 മുതൽ കേരളത്തിന്റെ കേന്ദ്ര വിഹിതത്തിൽ ഓഫ് പീക്ക് സമയത്ത് 5.46 MW ഉം പീക്ക് സമയത്ത് 7.46 MW ഉം കുറവുണ്ടായി. സിംഹാദ്രി സ്റ്റേജ് 2 ന്റെ അൺഅലോക്കേറ്റഡ് ഷെയറിന്റെ 50% ആന്ധ്രായ്ക്കും ബാക്കി മറ്റ് സതേൺ റിജിയൺ കോൺസ്റ്റിറ്റ്യൂയന്റ്സിനു- മായി |

അലോക്കേറ്റ് ചെയ്തു. 01.12.2012 മുതൽ ജജ്ജാറിൽ നിന്നുള്ള കേന്ദ്ര വിഹിതം 50 MW ആക്കി കറച്ചു. 100 MW ആന്ധ്രാപ്രദേശിന് നൽകി.

(സി) സംസ്ഥാനത്തിൻെറ വൈദ്യുതി വിഹിതം വെട്ടിക്കുറച്ച കേന്ദ്ര നിലപാട് തിരുത്തുന്നതിന് എന്ത് ഇടപെടലാണ് നടത്തിയതെന്ന് വിശദമാക്കുമോ ;

(സി) കേരളത്തിന് അനുവദിച്ചതിൽ നിന്നും വെട്ടിക്കുറച്ച വിഹിതം പുനഃസ്ഥാപിക്കാനായി സംസ്ഥാനം കേന്ദ്രത്തോട് കത്തുകൾ മുഖേനയും സംസ്ഥാനത്തെ എം.പി.മാർ മുഖേനയും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത വിഷയത്തിലുള്ള കേന്ദ്ര സർക്കാരിൻെറ നിലപാട് എന്താണെന്ന് അറിയാമോ ; എങ്കിൽ വ്യക്തമാക്കുമോ ?

(ഡി) ഈ വിഷയത്തിൽ കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ.